പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3351 12. 12. 2014- ലെ മറുപടി

## നിതാഖത്ത് മൂലം തിരികെ വന്നവർക്കുള്ള സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ) ഗൾഫ് മേഖലയിലെ നിതാഖത്ത് മൂലം സംസ്ഥാനത്ത് തിരികെ എത്തിയ പ്രവാസികളുടെ എണ്ണം സംബന്ധിച്ച് സർക്കാരിന് കണക്ക് ലഭിച്ചിട്ടുണ്ടോ; എത്ര എന്ന് ജില്ല തിരിച്ച് എണ്ണം വ്യക്തമാക്കാമോ; | എ) സൌദി അറേബ്യയിലെ നിതാഖത്ത് നിയമം മൂലം തിരികെയെത്തിയവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല. എന്നാൽ ഇപ്രകാരം തിരികെയെത്തിയവർക്കായി നോർക്ക - റൂട്ട്സ് ഏർപ്പെടുത്തിയ രജിസ്ട്രേഷൻ സംവിധാനത്തിലൂടെ രജിസ്റ്റർ ചെയ്തവരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 2330 |
| കൊല്ലം | 2182 |
| പത്തനംതിട്ട | 351 |
| ആലപ്പുഴ | 685 |
| ഇടുക്കി | 77 |
| കോട്ടയം | 219 |
| എറണാകുളം | 422 |
| തൃശൂർ | 620 |
| പാലക്കാട് | 1532 |
| കോഴിക്കോട് | 2719 |
| മലപ്പുറം | 9274 |
| കണ്ണൂർ | 1423 |
| വയനാട് | 554 |
| കാസർഗോഡ് | 246 |
| ആകെ | 22634 |

| | |
|---|---|
| ബി)തിരികെ നാട്ടിലെത്തിയ ഇവർക്ക് നാട്ടിൽത്തന്നെ സ്വയം സംരംഭങ്ങൾ ആരംഭിക്കാൻ സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | ബി) നിതാഖത്ത് നിയമം കർശനമാക്കിയ സാഹചര്യത്തിൽ വിദേശരാജ്യങ്ങളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസി മലയാളികളെ |

പുനരധിവസിപ്പിക്കുന്നതിനായി സർക്കാർ ഒരു സമഗ്ര പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. തിരികെയെത്തി സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നവർക്ക്, നിലവിലുള്ള NDPREM(നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പകൾ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 20 ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യത്തെ നാലു വർഷത്തേക്ക് 3% പലിശ സബ്‌വെൻഷനും നൽകി ബാങ്ക് വായ്പ ലഭ്യമാക്കി വരുന്നു.

| | |
|---|---|
| സി)പ്രവാസിക്ഷേമത്തിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ; | സി) പ്രവാസി മലയാളികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി നടപ്പാക്കുന്ന പദ്ധതികൾ താഴെ പ്പറയുന്നവയാണ്. |

- തിരികെവന്ന പ്രവാസികൾക്കായി, സ്വയംതൊഴിൽ കണ്ടെത്തുന്നതിന് മൂലധന/പലിശ സബ്സിഡി നൽകി സ്വയം സംരംഭം ആരംഭിക്കുന്നതിന് വേണ്ടുന്ന സഹായ സഹകരണങ്ങൾ നൽകുന്നതിനുള്ള പ്രവാസി പുനരധിവാസ പദ്ധതി.
- സംസ്ഥാനത്ത് നിക്ഷേപം നടത്താനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ആഗ്രഹിക്കുന്ന പ്രവാസികൾക്ക് ബന്ധപ്പെട്ട ലൈസൻസിംഗ് ഉൾപ്പെടെ സഹായം നൽകുന്നതിന് വേണ്ടി നോർക്ക റൂട്ട്സിന്റെ മേൽനോട്ടത്തിൽ ഒരു "നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ"
- വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ തന്റേതല്ലാത്ത കാരണങ്ങളാൽ ശിക്ഷ അനുഭവിക്കുന്നപ്രവാസികൾക്ക്

നിയമ സഹായം ലഭ്യമാക്കുന്നതിനുള്ള 'പ്രവാസി ലീഗൽ അസിസ്റ്റൻസ്' പദ്ധതി.

- വിദേശ രാജ്യങ്ങളിൽ പ്രത്യേകിച്ചും ഗൾഫ് രാജ്യങ്ങളിൽ ജയിൽ മോചിതരാകുന്ന നിർധനരായ പ്രവാസി മലയാളികൾക്ക് സൗജന്യ വിമാന ടിക്കറ്റ് നൽകുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ള 'സ്വപ്നസാഫല്യം' പദ്ധതി.
- അടിയന്തിര ഘട്ടങ്ങളിൽ വിദേശരാജ്യങ്ങളിൽ നിന്നും പ്രവാസി മലയാളികളെ നാട്ടിലെത്തിക്കുന്നതിനുള്ള എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട് എന്ന പദ്ധതി.

- തിരികെയെത്തി ദുരിതമനുഭവിക്കുന്ന പ്രവാസികൾക്ക് നിബന്ധനകൾക്ക് വിധേയമായി ചികിത്സാസഹായം, വിവാഹധനസഹായം, അംഗവൈകല്യം സംഭവിച്ചവർക്കുള്ള ധനസഹായം എന്നിവയും മരണമടയുന്ന പ്രവാസികളുടെ അനന്തരാവകാശികൾക്ക് മരണാനന്തര ധനസഹായവും നൽകുന്ന 'സാന്ത്വന പദ്ധതി'.

- പ്രവാസികൾക്ക് നോർക്കയുടെ പദ്ധതികൾ ലഭ്യമാക്കുന്നതിന് എല്ലാ ജില്ലകളിലും നോർക്ക റൂട്ട്സ് സെല്ലുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി.

- മറ്റ് സംസ്ഥാനങ്ങളിലെ പ്രവാസി ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ചെന്നൈ, ബാംഗ്ലൂർ, ബറോഡ, ഹൈദരാബാദ് എന്നീ സ്ഥലങ്ങളിൽ നോർക്കാ റൂട്ട്സ് സാറ്റലൈറ്റ് ഓഫീസുകൾ .

- നോർക്കയുടെ ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വിദേശരാജ്യങ്ങളിൽ നോർക്ക സഹായ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ബഹ്റിനിൽ നോർക്കാ സഹായ കേന്ദ്രം.

- ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവത്ക്കരണം മൂലം തിരികെ എത്തുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനായി സമഗ്ര പുനരധിവാസ പദ്ധതി.

- മികവുറ്റ തൊഴിലാളികളെ കണ്ടെത്തുന്നതിന് തൊഴിൽദായകരുടെയും തൊഴിൽ അന്വേഷകരുടെയും ഒരു ഓൺലൈൻ വേദിയായ 'ജോബ് പോർട്ടൽ'.

- നോർക്ക വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ, സേവനങ്ങൾ, പദ്ധതികൾ, പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുന്ന '24 മണിക്കൂർ ഹെൽപ്പ് ലൈൻ/കോൾ സെന്റർ'.

- വിദേശത്ത് തൊഴിൽ ആഗ്രഹിക്കുന്നവരിൽ ബോധവൽക്കരണം സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള ഒരു സംയോജിത പരിശീലന പരിപാടിയായ 'പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം'.

- തൊഴിലെടുക്കാൻ പ്രാപ്തിയുള്ള യുവാക്കളുടെ തൊഴിൽ വൈദഗ്ധ്യം, വിദേശ തൊഴിൽ വിപണികളിലെ വെല്ലുവിളികൾ നേരിടത്തക്കവിധം മെച്ചപ്പെടുത്തുന്നതിനുള്ള തൊഴിൽ നൈപുണ്യ വികസന പരിപാടി.

- ഇന്ത്യക്കുപുറത്തോ, ഇതര സംസ്ഥാന ങ്ങളിലോ വെച്ച് മരണമടയുന്ന പ്രവാസി മലയാളികളുടെ മൃതശരീരം സ്വദേശത്തേക്ക് കൊണ്ടുവരുന്നതിനുള്ള പ്രത്യേക നിധിയായ 'കാരുണ്യം പദ്ധതി'.

- പ്രവാസികൾക്കായി പെൻഷൻ നടപ്പാക്കുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയ 'കേരളാ പ്രവാസി കേരളീയ ക്ഷേമബോർഡ്'.
- പ്രവാസികളുടെ തിരിച്ചറിയൽ രേഖയായി ഇൻഷുറൻസ് പരിരക്ഷ കൂടി ഉറപ്പുവരുത്തുന്ന എൻ ആർ. കെ. ഐഡി കാർഡ്/പ്രവാസി ഐഡി കാർഡ്.

മേല്പറഞ്ഞ പദ്ധതികൾ നോർക്ക വകുപ്പിന്റെ കീഴിലെ നോർക്ക റൂട്ട്സ് എന്ന സർക്കാർ കമ്പനി മുഖേനയാണ് നടപ്പാക്കി വരുന്നത്. ഇതിനുപുറമേ പ്രവാസി ക്ഷേമ പെൻഷൻ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ഒരു പ്രവാസി ക്ഷേമനിധി നിലവിലുണ്ട്. ഇതിൽ അംഗത്വമെടുക്കുന്നവർക്ക് 60 വയസ്സ് പൂർത്തിയാക്കുന്ന മുറയ്ക്ക് പെൻഷൻ, പദ്ധതി അനുശാസിക്കുന്ന മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്കർഹതയുണ്ട്.

| | |
|---|---|
| ഡി) പ്രവാസികളുടെ ക്ഷേമത്തിനായി സർക്കാർ കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനങ്ങളും, ലക്ഷ്യങ്ങളും എന്തൊക്കെ എന്നു വിശദമാക്കാമോ;<br><br>ഇ) എത്ര പേർക്ക് ആകെ എത്ര രൂപയുടെ സഹായം കോർപ്പറേഷൻ മുഖേന നൽകി; എത്ര അപേക്ഷകൾ തീർപ്പാക്കാൻ ഉണ്ട്? | ഡി & ഇ) പ്രവാസി ക്ഷേമത്തിനായി സർക്കാർ കോർപ്പറേഷൻ രൂപീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ